# കിസാൻ ക്രെഡിറ്റ് കാർഡ്
## സംബന്ധിച്ചുള്ള പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ




1. ഇതൊരു ബാങ്ക് വായ്പയാണ്. കൃഷിഭൂമിയുള്ള ഏതൊരു കർഷകനും കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം.
2. ഓരോ വിളയ്ക്കും നിജപ്പെടുത്തിയിട്ടുള്ള ഉൽപാദനവായ്പാതോത് അടിസ്ഥാനപ്പെടുത്തിയാണ് വായ്പ ലഭ്യമാവുക.
3. കൃഷി സ്ഥലത്തിന്റെ വിസ്തൃതി, കൃഷി ചെയ്യുന്ന വിള, അനുബന്ധ പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങളുടെ പരിപാലനം, ഉപഭോഗആവശ്യങ്ങൾ, കാർഷികേതരമേഖലാ പ്രവർത്തനങ്ങൾക്കുള്ള പ്രവർത്തനമൂലധനം തുടങ്ങിയ ആവശ്യങ്ങൾ പരിഗണിച്ചാണ് വായ്പാ തുക നിശ്ചയിക്കുന്നത്.




4. ഒരു ലക്ഷം രൂപ വരെയുള്ള കൃഷി വായ്പകൾക്ക് പ്രത്യേകിച്ച് ഈട് നൽകേണ്ടതില്ല. ഇതിന് കൃഷി സ്ഥലത്തുള്ള വിള മാത്രം ഈടായി നൽകിയാൽ മതിയാകും.
5. ഒരു ലക്ഷം രൂപയ്ക്ക് മേലുള്ള വായ്പകൾക്ക് മതിയായ വിലയ്ക്കുള്ള വസ്തു ഈടായി നൽകേണ്ടതാണ്.




6. മൂന്നു ലക്ഷം രൂപ വരെ പരമാവധി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കും. വായ്പ സമയപരിധിക്കുള്ളിൽ കൃത്യമായി തിരിച്ചടച്ചാൽ നിബന്ധനകൾക്ക് വിധേയമായി കൂടുതൽ പലിശ ഇളവുകൾ ലഭ്യമാണ്.
7. തന്നാണ്ടിൽ എടുത്തിട്ടുള്ള തുക പലിശ സഹിതം ഒരു വർഷത്തിനുള്ളിൽ ഒന്നായോ ഗഡുക്കളായോ അടച്ചിരിക്കണം. ഹ്രസ്വകാല വിളകൾക്ക് 12 മാസത്തിനുള്ളിലും, ദീർഘകാലവിളകൾക്ക് 18 മാസത്തിനുള്ളിലും പണം തിരിച്ചടയ്ക്കേണ്ടതാണ്.
8. പരിധി/ഉപപരിധിയുടെ ഉള്ളിൽ എത്ര പ്രാവശ്യം വേണമെങ്കിലും പണമെടുക്കുവാനും തിരിച്ചടയ്ക്കുവാനും സാധിക്കും.




9. ആവശ്യമുള്ളപ്പോൾ മാത്രം പണം എടുക്കുന്നതു മുഖേനപലിശ ലാഭിക്കാം.
10. വാർഷിക അവലോകനത്തിനുവിധേയമായി കാർഡിന്റെ കാലാവധി 3 വർഷം ആയിരിക്കും.
11. വർഷത്തിലൊരിക്കൽ വായ്പാ ഇടപാടുകളെ അവലോകനം ചെയ്ത് വായ്പാ വിനിയോഗത്തിന്റെയും വരവുചെലവിന്റെയും അടിസ്ഥാനത്തിൽ വായ്പാതോത് ക്രമീകരിക്കുന്നതിനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്.
12. പലിശ നിരക്ക് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്.




13. വിജ്ഞാപിത പ്രദേശങ്ങളിലുള്ള വിജ്ഞാപിത വിളകൾക്ക് വിള ഇൻഷ്വറൻസ് പദ്ധതിയും ലഭ്യമാണ്.
14. കാർഡിനായുള്ള ഏകീകൃത അപേക്ഷാ ഫോമുകൾ അപേക്ഷകന്റെ സേവനമേഖലാ ബാങ്കിൽ നിന്നോ കൃഷി ഭവനിൽ നിന്നോ ലഭ്യമാണ്.

(പ്രസ്തുത വായ്പയെപ്പറ്റി കൂടുതലറിയാൻ കർഷകർ അടുത്തുള്ള
വാണിജ്യ/സഹകരണ ബാങ്കിനെയോ, കൃഷി ഭവനെയോ സമീപിക്കേണ്ടതാണ്.)

**ജനങ്ങളുടെ താൽപര്യാർത്ഥം സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രസിദ്ധീകരിക്കുന്നത്.**

manorama offset, valiyavila, tvpm. ph: 2366481